ജലസേചനവും ഭരണവും ചീഫ് എഞ്ചിനിയറുടെ നടപടിക്രമം

(ഹാജർ- അലക്സ് വർഗ്ഗീസ്)

വിഷയം: ജലസേചനം പ്രളയാനന്തരം നദികളിൽ അടിഞ്ഞുകൂടിയ എക്കലും മാലിന്യവും നീക്കം ചെയ്യുന്ന പ്രവൃത്തികൾക്കായി SDRF സേവിംഗ്സ് തുക ഉപയോഗിക്കുന്നതിനുള്ള നടപടിക്രമം – സംബന്ധിച്ച്

പരാമർശം:- 1. 14/03/2022 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ നടപടിക്രമം

2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 234/2022/WRD തീയതി തിരുവനന്തപുരം 24/03/2022

3 28/04/2022 ൽ ബഹു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ റിവ്യു മീറ്റിംഗ്

## ഉത്തരവ് നമ്പർ W1-SDRF/17683/2021 തീയതി 29/04/2022

2018-ൽ സംസ്ഥാനത്തുണ്ടായ കനത്ത മഴയും തുടർന്നുണ്ടായ പ്രളയവും മൂലംജലസേചനവകുപ്പിന്റെ വിവിധ നിർമ്മിതികൾക്ക് കേടുപാടുകൾ സംഭവിക്കുകയും നദികളിലും മറ്റും വൻതോതിൽ ചെളിയും മറ്റ് അവശിഷ്ടങ്ങളും അടിഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുകയും ഇത് തുടർവർഷങ്ങളിൽ അടിക്കടി വെള്ളപ്പൊക്കത്തിന് കാരണമാകുകയും ചെയ്യുന്നു.ഇതിനെത്തുടർന്ന് 14/03/2022-ൽ ബഹു മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം കൂടുകയും സംസ്ഥാനത്തെ നദികൾ കൈത്തോടുകൾ എന്നിവയിൽ പ്രളയാനന്തരം അടിഞ്ഞുകൂടിയ എക്കലും ചെളിയും അടിയന്തിരമായി നീക്കം ചെയ്യുന്നതിനും അടുത്ത മൺസൂൺ (15/05/2022 )നു മുമ്പായി ടി പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്ത് നദിയിലെ ജലസംഭരണശേഷി കൂട്ടുന്നതിനും നീരൊഴുക്ക് മെച്ചപ്പെടുത്തുന്നതിനുമായി സത്വര നടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം ലഭിക്കുകയുണ്ടായി.

ആയതിനെത്തുടർന്ന് സംസ്ഥാനത്തെ 44 നദികളിൽ നിന്നും അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നിലേയ്ക്കായി അധികാരപ്പെടുത്തിയ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ചീഫ് എഞ്ചിനീയറുടെ കൈവശമുള്ള SDRF ഫണ്ടിൽ നിന്നും തുക അനുവദിച്ച് കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം ടി ഉത്തരവനുസരിച്ച് സൂചന(3) പ്രകാരം 44 നദികളിൽ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായി 278 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക

ഉപയോഗിച്ച് പ്രവൃത്തികൾ നടത്തി 22 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ utilization Certificate സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ബാക്കി പ്രവൃത്തി ചെയ്യുന്നതിനായി അധികതുക ആവശ്യമുള്ളതായും ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ചീഫ് കോ-ഓർഡിനേറ്റർ മുഖാന്തിരം അറിയിച്ചിരിക്കുന്നു. പ്രവൃത്തികളുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് സൂചന (4) ലെ മീറ്റിംഗ് തീരുമാനം അനുസരിച്ച് താഴെ പറയുന്ന പട്ടിക പ്രകാരമുള്ള തുക അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു

| Sl no | River | Executive Engineer in charge to whom amount to be transferred | Amount Rs. In (Lakhs) |
|---|---|---|---|
| 1 | Chandragiri | Executive Engineer, MI Division, Kasaragod | 4.70 |
| 2 | Mahe | Executive Engineer, MI Division, Kozhikode. | 15.00 |
| 3 | Kadalundi | Executive Engineer, MI Division, Malappuram | 10.00 |
| 4 | Bharathapuzha-I | Executive Engineer, MI Division, Palakkad. | 20.00 |
| 5 | periyar-I | Executive Engineer, MI Division, Kattappana. | 15.00 |
| 6 | Pampa | Executive Engineer,Irrigation Division, Kollam | 20.00 |
| 7 | vamanapuram | Executive Engineer, Irrigation Division, TVPM | 5.00 |
| 8 | Bhavani | Executive Engineer, Bhavani Basin Division,Palakkad | 10.00 |
| 9 | Mamam | Executive Engineer, MI Division, TVPM | 3.00 |
| 10 | Manjeswaram | Executive Engineer, MI Division, Kasargod | 15.00 |
| 11 | Chaliyar | Executive Engineer, Irrigation Division, Malappuram | 10.00 |
| 12 | Kabani | Executive Engineer, MI Division, Sulthan Bathery | 15.00 |
| 13 | Meenachil | Executive Engineer, Irrigation Division, Kottayam | 20.00 |
| 14 | Mogral | Executive Engineer, PVIP Division No:1,Perumbavoor | 5.00 |
| 15 | Uppala | Assistant Executive Engineer (full Addl Charge of Executive Engineer),Kasaragod | 5.00 |
| 16 | Anjarakandy | Executive Engineer, MI Division, Kannur | 10.00 |
| 17 | Thalassery | Executive Engineer, Irrigation Division, Thalassery | 15.00 |
| 18 | Manimala | Executive Engineer, MI Division, Pathanamthitta | 25.00 |
| 19 | Muvattupuzha | Executive Engineer, MVIP Division No:3, Muvattupuzha | 15.00 |
| 20 | Achankovil | Executive Engineer, KIP(RB) Division No:2, Kottarakkara | 10.00 |
| 21 | Valapattanam | Executive Engineer, PyIP Division No:2, Kannur | 10.00 |
| 22 | Chalakkudy | Executive Engineer, IIP Division No:2, Chalakkudy | 5.00 |
| | | **Total** | **262.70** |

ചീഫ് എഞ്ചിനീയർ

എല്ലാ ബന്ധപ്പെട്ട എഞ്ചിനിയർ മാർക്കും.